(സി&ഡി) വേൾഡ് ഫുഡ് പ്രോഗ്രാം ഒരു പ്രോജക്ട് അഡ്വൈസറിനെ പൂർണ്ണമായും സിവിൽ സപ്ലൈസ് വകുപ്പിനായി നിയമിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ Viability (സാമ്പത്തിക ക്ഷമത) സംബന്ധിച്ച പഠനം WFP യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതുകൂടാതെ ഒരു ടെക്നോളജി വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് WFP തയ്യാറായിട്ടുണ്ട്. ഇതിനായുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സപ്ലൈകോ മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്ന ഡോർ ടു ഡോർ ഡെലിവറിയുടെ സാങ്കേതിക ഉപദേശം നൽകുന്നതിനും WFP തയ്യാറായിട്ടുണ്ട്. ഇതിനായി WFP യുടെ ലോജിസ്റ്റിക്സ് വിഭാഗം തലവനായ ശ്രീ. ബർണാർഡ് ചോമിലിയർ 2014 നവംബർ മാസത്തിൽ സംസ്ഥാനം സന്ദർശിച്ചിരുന്നു. റേഷൻ വ്യാപാരികളുടെ സാമ്പത്തിക ക്ഷമത കണക്കാക്കുന്നതിനുവേണ്ടി വിശദമായ ചോദ്യാവലി തയ്യാറാക്കി കുടുംബശ്രീയുടെ സഹായത്തോടെ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ഇ-പോസ് മെഷീനുകളുടെ പരീക്ഷണം നടത്തുന്നതിനും ടെസ്റ്റ് ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും WFP-യുടെ സാങ്കേതിക സഹായം ലഭിക്കും.

പാചകവാതക വിതരണം

244(3169) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാചകവാതക സിലിണ്ടർ വിതരണ ദിവസം കൺസ്യൂമറിന്റെ മൊബൈലിൽ എസ്.എം.എസ്. ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

നിലവിൽ ഇതിനുള്ള സംവിധാനം ഇല്ല എന്നാണ് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിരിക്കുന്നത്. സിലിണ്ടർ വിതരണം ചെയ്യുന്ന തീയതി കൺസ്യൂമറിന്റെ മൊബൈലിൽ എസ്.എം.എസ്. ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഓയിൽ കമ്പനികളോട് ആവശ്യപ്പെട്ടുന്നതാണ്.

സപ്ലൈകോയിൽ സബ്സിഡി ഇനങ്ങൾ

245(3170) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര നിത്യോപയോഗ സാധനങ്ങൾക്കാണ് സപ്ലൈകോയിൽ സബ്സിഡി അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly